## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4658.

13.11.2019 ൽ മറുപടിയ്ക്ക്

## ലഹരി മരുന്ന് കടത്ത്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ .വി.എസ്.ശിവകുമാർ<br>ശ്രീ.ടി.ജെ.വിനോദ്<br>ശ്രീമതി.ഷാനിമോൾ ഉസ്മാൻ | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഓൺലൈൻ സേവനങ്ങളുടെ മറവിൽ സംസ്ഥാനത്ത് ലഹരി മരുന്ന് കടത്ത് വ്യാപകമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഓൺലൈൻ സേവനങ്ങളുടെ മറവിൽ സംസ്ഥാനത്ത് ലഹരി മരുന്ന് കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ മയക്കമരുന്ന് ശൃംഖല കേരളത്തിൽ വ്യാപകമോ ശക്തമോ അല്ല. ഓൺലൈൻ സംവിധാനം വഴി സംസ്ഥാനത്തെ കൊറിയർ പാർസൽ സർവ്വീസ് സ്ഥാപനങ്ങളിലൂടെ മയക്കമരുന്ന് എത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കൊറിയർ സർവ്വീസ് ശാഖകളിൽ എക്സൈസ് വകുപ്പ് പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ എറണാകുളം, പത്തനംതിട്ട ജില്ലകളിൽ കേസുകൾ കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന ബസ്സുകളിൽ നിരോധിത പുകയില ഉല്പന്നങ്ങളും ലഹരി മരുന്നും കടത്തുന്നതായ റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ ചെക്ക് പോസ്റ്റുകളിൽ പരിശോധന ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | ലഹരി വസ്തുക്കൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കടത്തിക്കൊണ്ടുവരുന്നത് നിയന്ത്രിക്കുന്നതിനായി എക്സൈസ് ചെക്ക് പോസ്റ്റുകളിൽ വാഹന പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. എക്സൈസ് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം സുതാര്യവും, കാര്യക്ഷമവുമാക്കാൻ 14 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സി.സി.റ്റി.വി. ക്യാമറ സംവിധാനം ഏർപ്പെടുത്തുകയും, പ്രധാനപ്പെട്ട 10 എക്സൈസ് ചെക്ക് പോസ്റ്റുകൾ കംമ്പ്യൂട്ടർവത്ക്കരിക്കു |

| | | | |
|---|---|---|---|
| | | | കയും, എക്സൈസ് ചെക്ക് പോസ്റ്റുകളിലെ ഉപയോഗത്തിനായി 27 മോട്ടോർ ബൈക്കുകൾ അനുവദിക്കുകയും ചെയ്തു. കൂടാതെ റിഫ്ളക്റ്റീവ് ജാക്കറ്റ്, ട്രാഫിക് കോൺ, ഡസ്റ്റ്മാസ്ക്, കുട എന്നിവ വിതരണം ചെയ്യുകയും, ചെക്ക്പോസ്റ്റുകളിൽ എൽ.ഇ.ഡി. സൈൻ ബോർഡുകളും, 25 ചെക്ക് പോസ്റ്റുകളിൽ സോളാർ എൽ.ഇ.ഡി. ഹൈമാസ്റ്റ് ലാംമ്പുകളും, മുത്തങ്ങ, ചിന്നാർ എക്സൈസ് ചെക്ക് പോസ്റ്റുകളിൽ സോളാർ ലൈറ്റിംഗ് ഫെസിലിറ്റി സ്ഥാപിക്കുകയും ചെയ്തു. |
| (സി) | പാർസൽ കൊറിയർ സർവ്വീസിലൂടെ വൻതോതിൽ ലഹരി മരുന്ന് കടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; കൊച്ചിയിൽ ഇത്തരത്തിൽ എത്ര ലക്ഷം രൂപയുടെ ലഹരി ഉല്പന്നങ്ങളാണ് പിടിച്ചെടുത്തത്; പ്രസ്തുത കേസിൽ എത്ര പേരെ അറസ്റ്റ് ചെയ്തു; വിശദാംശം നൽകുമോ? | (സി) | പാർസൽ കൊറിയർ സർവ്വീസിലൂടെ ലഹരി മരുന്ന് കടത്തുന്നതായി കണ്ടെത്തിയിട്ടുണ്ട്. കൊച്ചിയിൽ ഇത്തരത്തിൽ 200 കോടി രൂപ വിലവരുന്ന 26.082 കിലോഗ്രാം എം.ഡി.എം.എ.പിടിച്ചെടുത്തിട്ടുണ്ട്. പ്രസ്തുത കേസിൽ കണ്ണൂർ ജില്ലയിൽ കടമ്പൂർ.പി.ഒ, കമ്പളം കണ്ടത്തിൽ ഉത്തമൻ മകൻ പ്രശാന്ത്കുമാർ എന്നയാളെയും തമിഴ്നാട് സംസ്ഥാനത്തെ ശിവഗംഗ ജില്ലയിൽ ഇളയാഗുഡി.പി.ഒ, ഷൗക്കത്ത് അലി സ്ട്രീറ്റ്, കജ മൊഹയ്യദ്ദീൻ മകൻ അബ്ദുൾ റഹിം എന്നയാളെയും അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ